# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 761 — 10.02.2016 -ൽ മറുപടിക്ക്

## ന്യൂമോണിയ പ്രതിരോധ മരുന്ന്

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഉമ്മർ : | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | ന്യൂമോണിയ പ്രതിരോധ മരുന്ന് സൗജന്യമായി നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) | കുട്ടികളിൽ കണ്ടുവരുന്ന ന്യൂമോണിയ രോഗത്തിന് ഒരു പ്രധാന കാരണം ഹീമോഫിലസ് ഇൻഫ്ലൻസാ-ബി (Haemophilus Influenza-B) വൈറസ് മൂലമുണ്ടാകുന്ന ശ്വാസകോശ അണുബാധയാണ്. ഒരു വയസ്സിന് താഴെയുള്ള കുട്ടികൾക്ക് പ്രതിരോധ കുത്തിവെയ്പ് പട്ടികയിൽ ചേർത്ത് ഈ രോഗത്തിനുള്ള പ്രതിരോധ മരുന്ന് നൽകുന്നു. ഇത് പെന്റാവാലന്റ് വാക്സിൻ എന്നറിയപ്പെടുന്നു. ഹീമോഫിലസ് ഇൻഫ്ലുവൻസ ഉൾപ്പെടെ 5 രോഗത്തിന് പ്രതിരോധമായി ഈ വാക്സിൻ നൽകുന്നുണ്ട്. ഇത് സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും ഒരു വയസ്സിൽ താഴെയുള്ളവർക്ക് 3 ഡോസ് പെന്റാവാലന്റ് വാക്സിൻ ഒരു മാസ വ്യത്യാസത്തിൽ നൽകി വരുന്നു. |
| (ബി) | ഇത് എല്ലാ സർക്കാർ ആശുപത്രികളിലും ലഭ്യമാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദവിവരം നൽകുമോ ; | (ബി) | ന്യൂമോണിയ പ്രതിരോധ മരുന്ന് സൗജന്യമായി എല്ലാ സർക്കാർ ആശുപത്രികളിലും ഒരു വയസ്സിൽ താഴെയുള്ളവർക്ക് നൽകി വരുന്നു. |
| (സി) | ഇതിനു കേന്ദ്ര സഹായം ലഭ്യമാക്കിയിട്ടുണ്ടോ ; | (സി) | ആവശ്യമായ വാക്സിൻ കേന്ദ്ര ഗവൺമെന്റ് സൗജന്യമായി നൽകി വരുന്നു. |
| (ഡി) | പ്രസ്തുത മരുന്ന് ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ? | (ഡി) | പ്രസ്തുത മരുന്ന് ലഭിക്കുന്നതിന് വരുമാന പരിധി നിശ്ചയിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ